ഭരണഭാഷ-മാതൃഭാഷ

**<u>മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**<u>മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ,</u>**

**<u>തിരുവനന്തപുരം</u>**

**<u>ഹാജർ: ഡോ. സിന്ധു കെ.</u>**

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - ജീവനകാര്യം - ഫീൽഡ് ഓഫീസർ തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റവും നിയമനവും - ഉത്തരവ് ഭേദഗതി ചെയ്തും, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഈ വിഷയവുമായി ബന്ധപ്പെട്ട് പരിഗണിച്ച വിവിധ കേസുകളിലെ അന്തിമവിധികൾ നടപ്പിലാക്കികൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

| | |
|---|---|
| നമ്പർ - **AHD/5000/2026-K2** | തീയതി:**11-08-2026** |

പരാമർശം:

1. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ **19/07/2026**-ലെ ഇതേ നമ്പർ നടപടിക്രമം.
2. ബന്ധപ്പെട്ട ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർ മുഖേന ഫീൽഡ് ഓഫീസർ തസ്തികയിലെ ജീവനക്കാർ സമർപ്പിച്ച വിവിധ അപേക്ഷകൾ.
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **OA No.1283/2026** കേസിൽ **20.07.2026** തീയതിയിലെ ഉത്തരവ്.
4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **OA(EKM) 1010/2026** നമ്പറിലെ **22.07.2026** തീയതിയിലെ അന്തിമ ഉത്തരവ്.
5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **OA 1409/2026** നമ്പറിലെ **31.07.2026** തീയതിയിലെ അന്തിമ ഉത്തരവ്.
6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **MA**

**No.1445/2026 in OA No.1283/2026** കേസിൽ **03.08.2026** തീയതിയിലെ ഉത്തരവ്.

7. സ.ഉ.(സാധാ) നം.**422/2026/AHD** തീയതി: **10-08-2026.**
8. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ **11/08/2026** ലെ **AHD/5817/2026-K2** നമ്പർ നടപടിക്രമം.

## ഉത്തരവ്

മൃഗസംരക്ഷണ വകുപ്പിലെ ഫീൽഡ് ഓഫീസർ തസ്തികയിലെ ജീവനക്കാർക്ക് ഭരണസൗകര്യാർത്ഥം സ്ഥലംമാറ്റം അനുവദിച്ചുകൊണ്ടും, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികയിലെ ജീവനക്കാർക്ക് ഫീൽഡ് ഓഫീസർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചും മേൽ പരാമർശം **(1)** പ്രകാരം ഉത്തരവായിരുന്നു. പരാമർശം **(1)** ഉത്തരവ്, സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെട്ടിരുന്ന ക്രമനമ്പർ **10** ശ്രീ. ചന്ദ്രൻ. എം. ജി, സ്ഥാനക്കയറ്റ പട്ടികയിൽ ഉൾപ്പെട്ടിരുന്ന ക്രമനമ്പർ **21** ശ്രീമതി. ജോയ്സ് പി പാപ്പച്ചൻ എന്നിവർ സ്ഥലംമാറ്റം അനുവദിക്കുന്നതിനും, സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെട്ടിരുന്ന ക്രമനമ്പർ **5** ശ്രീ. സലിം. കെ എം, ക്രമനമ്പർ **9** കൃഷ്ണ ദാസൻ. പി , ക്രമനമ്പർ **21** ശ്രീമതി. മായ. എസ് എന്നിവർ തൽസ്ഥാപനത്തിൽ നിലനിർത്തുന്നതിനും പരാമർശം **(2)** പ്രകാരം അപേക്ഷിച്ചിരുന്നു.

**2.** കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ശ്രീമതി. മായ. എസ്, ശ്രീമതി. ജോയ്സ് പി പാപ്പച്ചൻ എന്നിവർ യഥാക്രമം ഫയൽ ചെയ്ത **OA No.1283/2026, MA No.1445/2026 in OA No.1283/2026** നമ്പർ കേസ്സുകളിന്മേൽ, ശ്രീമതി. മായ. എസ് നെ ടിയാളുടെ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിലനിർത്തുന്നതിനും, ശ്രീമതി. ജോയ്സ് പി പാപ്പച്ചനെ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ കുടപ്പനക്കുന്നിൽ സ്ഥലംമാറ്റി നിയമിക്കുന്നതിനും പരാമർശം **(3), (5)** പ്രകാരം ട്രിബ്യൂണൽ അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായം നടപ്പിലാക്കുന്നതിന് വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം **(7)** പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**3.** കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ശ്രീ. ബഷീർകുട്ടി എം, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ ഫയൽ ചെയ്ത **OA 1409/2026** കേസിലെ

പരാമർശം (5) പ്രകാരമുള്ള ട്രിബ്യുണൽ അന്തിമ വിധിന്യായം പരാമർശം (8) പ്രകാരം നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ ഖണ്ഡിക 1 ൽ പരാമർശിച്ച അപേക്ഷകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3), (4), (5), (6) പ്രകാരമുള്ള അന്തിമവിധികളുടെ അടിസ്ഥാനത്തിലും, ഭരണസൗകര്യാർ ത്ഥം പരാമർശം (1) ഉത്തരവ് ചുവടെ പട്ടിക പ്രകാരം ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

പട്ടിക - 1

| ക്രമ നം | പേര് , പെൻ | നിലവിൽ ജോലിചെയ്യുന്ന സ്ഥാപനം | സ്ഥലംമാറ്റം നൽകി /നിലനിർത്തി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീമതി. മായ. എസ് , 227893 | ജില്ലാ മൃഗസംരക്ഷണ കേന്ദ്രം, കൊല്ലം | ജില്ലാ മൃഗസംരക്ഷണ കേന്ദ്രം, കൊല്ലം (അപേക്ഷ പ്രകാരം തൽസ്ഥാപനം) |
| 2 | ശ്രീമതി . ജോയിസ് പി പാപ്പച്ചൻ, 227848 | മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് (കൊല്ലം ജില്ലാ മൃഗസംരക്ഷണ കേന്ദ്രത്തിൽ ജോയിൻ ചെയ്യാൻ കഴിയാത്തതിനാൽ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്തത്) | ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ, കുടപ്പനക്കുന്ന് (അപേക്ഷ പ്രകാരം) |
| 3 | ശ്രീ. സലിം കെ എം, 229175 | പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം, കുന്നംകുളം | പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം, കുന്നംകുളം (അപേക്ഷ പ്രകാരം തൽസ്ഥാപനം) |
| 4 | ശ്രീ. ചന്ദ്രൻ എം . ജി, 443847 | ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ , കുടപ്പനക്കുന്ന് | റിന്റെർപെസ്റ്റ് ചെക്ക്പോസ്റ്റ്, കമ്പംമെട് (അപേക്ഷ പ്രകാരം) |
|  | ശ്രീ . കൃഷ്ണദാസൻ . | റിൻഡർപെസ്റ്റ് ചെക്ക് | റിൻഡർപെസ്റ്റ് ചെക്ക് പോസ്റ്റ് ,കാർട്ടികുളം |

| | | | |
|---|---|---|---|
| 5 | പി, 306091 | പോസ്റ്റ് കാർട്ടികുളം | (അപേക്ഷ പ്രകാരം തൽസ്ഥാപനം) |
| 6 | ശ്രീ . ബഷീർകുട്ടി എം, 227941 | അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ, വെറ്ററിനറി സബ് സെന്റർ, പഴഞ്ഞിക്കടവ് | **ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ സുൽത്താൻ ബത്തേരി.** (ശ്രീ. കൃഷ്ണദാസൻ. പി-യുടെ അപേക്ഷയും പരാമർശം(4)-ലെ ബഹു. ട്രിബ്യൂണൽ വിധിയും പാലിച്ച് അദ്ദേഹത്തെ തൽസ്ഥാനത്ത് നിലനിർത്തിയതിനാലും, പരാമർശം (5),(8) പ്രകാരം ശ്രീ . ബഷീർകുട്ടി . എം ന്റെ കേസിൽ ബഹു. ട്രിബ്യൂണൽ വിധി നടപ്പിലാക്കിയതിനാലും, പരാമർശം 1 പ്രകാരം ശ്രീ. കൃഷ്ണദാസന് സ്ഥലംമാറ്റം നൽകിയിരുന്ന ഓഫീസിലേക്ക് (ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ, സുൽത്താൻ ബത്തേരി) ശ്രീ . ബഷീർകുട്ടിക്കു ഫീൽഡ് ഓഫീസർ ആയി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു) |

ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3), (4), (5), (6) എന്നിവയിലെ അന്തിമ വിധിന്യായങ്ങൾ എല്ലാം നടപ്പിലാക്കുന്നു.

മേൽ ഭേദഗതികളോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

Digitally signed by
SINDHU K
Date: 11-08-2026
14:49:57

**DR K SINDHU (440558)**

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (നിയന്ത്രണാധികാരി മുഖേന)
2. അക്കൗണ്ടന്റ് ജനറൽ (A&E), കേരളം, തിരുവനന്തപുരം
3. എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കും
4. ഐ.ടി ഓഫീസർ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. കെ4 സീറ്റ്
6. K2 കരുതൽ ഫയൽ